അൻവറിനെ പരിസ്ഥിതി സമിതിയിൽ നിന്ന് നീക്കണം: സുധീരൻ

തിരുവനന്തപുരം: പി.വി.അൻവർ എം.എൽ.എയെ നിയമസഭാ പരിസ്ഥിതി സമിതിയിൽ നിന്ന് നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണന് വി.എം.സുധീരൻ കത്തുനൽകി. പരിസ്ഥിതിനിയമങ്ങൾ നഗ്നമായി ലംഘിച്ചുകൊണ്ടിരിക്കുന്ന ഒരു നിയമസഭാ സാമാജികനെ പരിസ്ഥിതി സംബന്ധിച്ച സമിതിയിൽ അംഗമായി തുടരാൻ അനുവദിക്കുന്നത് നമ്മുടെ നിയമസഭയുടെ അന്തസിന് തന്നെ കോട്ടംതട്ടുന്ന കാര്യമാണെന്ന് കത്തിൽ ചൂണ്ടിക്കാട്ടി.

ശരണാശ്രയം പദ്ധതിയുമായി ദേവസ്വം ബോർഡ്

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ശരണാശ്രയം പദ്ധതി നടപ്പാക്കാൻ ബോർഡ് യോഗത്തിൽ തീരുമാനിച്ചു. ക്ഷേത്രവുമായി ബന്ധപ്പെട്ട് നിൽക്കുന്നവർക്കും ദേവസ്വം ജീവനക്കാർക്കും പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം എന്നിവയ്ക്ക് ശരണാശ്രയം പദ്ധതിയിലൂടെ സഹായം ലഭ്യമാക്കും. ഭക്തജനങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും സഹായം സ്വീകരിച്ചാണ് ശരണാശ്രയം യാഥാർത്ഥ്യമാക്കുന്നത്. ഇതിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കും.

ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ വിഗ്രഹ കവർച്ചയിലെ പ്രതികളെ പിടികൂടാൻ സഹായിച്ച രമണിക്ക് വീടുവച്ച് നൽകിയാണ് ജീവകാരുണ്യ പദ്ധതിക്ക് തുടക്കമിടുന്നത്. 650 സ്വകയർ ഫീറ്റ് വീടാണ് വയ്ക്കുന്നത്. ഇതിന്റെ താക്കോൽ കൈമാറുന്ന ചടങ്ങ് ശരണാശ്രയം പദ്ധതിയുടെ ഔപചാരിക ഉദ്ഘാടന ചടങ്ങാക്കി മാറ്റും. രമണിയുടെ മകന് ദേവസ്വം ബോർഡിൽ താത്കാലിക ജോലി നൽകും.

തടവുകാരന്റെ പരാതി: ജയിൽ സൂപ്രണ്ട് ഹാജരാകണം

തൃശൂർ: വൈകല്യവും ഗുരുതരരോഗവും ബാധിച്ച മകന് വിദഗ്ദ്ധ ചികിത്സ നൽകുന്നതിന് കൂടുതൽ കൂലി ലഭിക്കുന്ന തുറന്ന ജയിലേക്ക് മാറ്റണമെന്ന തടവുകാരന്റെ പരാതിയിൽ കമ്മിഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് ഹാജരാക്കാത്ത വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് ആഗസ്റ്റ് 20ന് നേരിട്ട് ഹാജരാകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ ഉത്തരവിട്ടു. സെൻട്രൽ ജയിലിൽ കഴിയുന്ന തോമസിന്റെ പരാതിയിലാണ് കമ്മിഷൻ അംഗം കെ. മോഹൻകുമാറിന്റെ ഉത്തരവ്.

ജയിൽ ഡി.ജി.പിയിൽ നിന്നും കമ്മിഷൻ റിപ്പോർട്ട് വാങ്ങിയിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരന് നൽകി പ്രതികരണം അറിയിക്കാൻ കമ്മിഷൻ ജയിൽ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രതികരണമോ വിശദീകരണമോ നൽകിയില്ല. ഈ സാഹചര്യത്തിലാണ് നേരിട്ട് ഹാജരാകാൻ ഉത്തരവിട്ടത്.

കള്ളിനെ രക്ഷിക്കാനുള്ള 'ബോർഡി'ന് കാലുറയ്ക്കുന്നില്ല

■ കള്ളുഷാപ്പുകൾ 4000 ■ തൊഴിലാളികൾ 30,000

KAUMUDI SPECIAL

▸ശ്രീകുമാർ പള്ളീലേത്ത്

കള്ള്
TODDY
CONT:
ALCOHOL CONSUMPTION IS INJURIOUS TO HEALTH

തിരുവനന്തപുരം: കള്ള് വ്യവസായത്തെ രക്ഷപ്പെടുത്താനും തൊഴിലാളികളുടെ ക്ഷേമത്തിനുമായി പ്രഖ്യാപിച്ച ടോഡി ബോർഡ് നിലത്തുറയ്ക്കാതെ വട്ടം കറങ്ങുകയാണ്. ഇതിൻറെ കരട് രൂപം എക്സൈസ് കമ്മിഷണർ ഓഫീസിലും മന്ത്രിയുടെ ഓഫീസിലുമാണ്. ടോഡി ബോർഡ് രൂപീകരിക്കാത്തതിനാൽ മുമ്പ് പ്രവർത്തിച്ചുകൊണ്ടിരുന്ന ഷാപ്പുകളുടെ ലൈസൻസ് ഈ വർഷവും നീട്ടി നൽകിയിരിക്കുകയാണ്.

ഒരാഴ്ചയ്ക്കുള്ളിൽ കരട് നോട്ട് സർക്കാരിന് കൈമാറുമെന്നാണ് എക്സൈസ് അധികൃതർ പറയുന്നത്. നോട്ട് കിട്ടിയശേഷം തുടർനടപടി ആവാമെന്ന് മന്ത്രിയുടെ ഓഫീസും. കള്ള് ഷാപ്പുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിലും ചില സ്ഥലങ്ങളിൽ റേഞ്ച് അടിസ്ഥാനത്തിലും വില്പന നടത്തുമെന്നാണ് മദ്യനയത്തിൽ പറഞ്ഞിരുന്നത്.

ടോഡി ബോർഡിന്റെ ഘടനയെപ്പറ്റിയും ശുദ്ധമായ കള്ളിന്റെ ഉദ്പാദനം കൂട്ടാനും തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ട നടപടികൾ സംബന്ധിച്ചുമാണ് കരട് തയ്യാറാക്കാൻ സർക്കാർ നിർദ്ദേശിച്ചത്. അബ്കാരി ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടാകേണ്ട നിയമാവലിയും തയ്യാറാവണം. മേഖലയിലെ വിവിധ ട്രേഡ് യൂണിയനുകളുമായും മന്ത്രി ചർച്ച നടത്തിയിരുന്നു.

എക്സൈസ് വകുപ്പ് കരട് നോട്ട് തയ്യാറാക്കി വകുപ്പ് മന്ത്രിക്ക് നൽകി. ഇംഗ്ലീഷിൽ തയ്യാറാക്കിയ നോട്ട് പോരെന്നും ഇംഗ്ലീഷിനൊപ്പം മലയാളത്തിലും ചില ഭേദഗതികളോടെ പുതിയ നോട്ട് തയ്യാറാക്കി നൽകാൻ നിർദ്ദേശിച്ച് മടക്കി. അബ്കാരി ഡെപ്യൂട്ടി കമ്മിഷണറുടെ നേതൃത്വത്തിൽ മലയാളത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കൽ അവസാന ഘട്ടത്തിലാണെന്ന് അറിയുന്നു. റിപ്പോർട്ട് കിട്ടിയാലും ഔദ്യോഗികതലത്തിലും ട്രേഡ് യൂണിയൻ തലത്തിലും ചർച്ചകൾക്കുശേഷമേ അന്തിമ രൂപമാവൂ.

ആറു കിലോ കഞ്ചാവുമായി രണ്ടുപേർ അറസ്റ്റിൽ

പിടിയിലായ പ്രതികൾ

പാലക്കാട്: പാലക്കാട്, തൃശൂർ ജില്ലകൾ കേന്ദ്രീകരിച്ച് ആന്ധ്രപ്രദേശിൽ നിന്ന് മൊത്തമായി കഞ്ചാവ് വില്പനയ്ക്ക് കൊണ്ടുവന്ന രണ്ടു യുവാക്കൾ കസബ പൊലീസിന്റെ പിടിയിലായി. വടക്കഞ്ചേരി അഞ്ചുമൂർത്തി മംഗലം, തോട്ടിങ്ങൽ വീട്ടിൽ മണികണ്ഠൻ (28), വാണിയമ്പാറ പന്നിയങ്കര, മുരിയക്കാട്ടിൽ വിഷ്ണു (22) എന്നിവരെയാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും കസബ പൊലീസും കൂടി കോയമ്പത്തൂർ - പാലക്കാട് ദേശീയ പാതയിൽ കുരുടിക്കാട്ട് വച്ച് പിടിയിലായത്. പ്രതികളിൽ നിന്ന് ആറുകിലോ കഞ്ചാവും കണ്ടെടുത്തു. പ്രതികൾ സഞ്ചരിച്ച ബൈക്കും കസ്റ്റഡിയിലെടുത്തു.

വിശാഖപട്ടണത്തു നിന്നും ട്രെയിൻ മാർഗം കോയമ്പത്തൂരെത്തിച്ച ശേഷം ബൈക്കിൽ കേരളത്തിലേക്ക് വരികയായിരുന്നു. ജില്ലാ പൊലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റയ്ക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ നാർകോടിക് സെൽ ഡിവൈ.എസ്.പി ഷംസുദ്ദീന്റെ നേതൃത്വത്തിലുള്ള സംഘം വാളയാർ അതിർത്തിയിൽ വാഹന പരിശോധന നടത്തുന്നതിനിടെ അമിവേഗതയിൽ വന്ന ബൈക്ക് നിർത്താതെ പായുകയായിരുന്നു. ഉടൻ പൊലീസ് ബൈക്കിനെ പിൻതുടർന്ന് കുരുടിക്കാട്ടുവച്ച് സാഹസികമായി പിടികൂടുകയായിരുന്നു. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 3 ലക്ഷത്തോളം രൂപ വിലവരും. 10 ഗ്രാം കഞ്ചാവ് അടങ്ങിയ ഒരു പായ്ക്കറ്റിന് 500 രൂപയാണ് ഈടാക്കുന്നത്. സ്കൂൾ, കോളേജ്, വിദ്യാർത്ഥികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരെ കേന്ദ്രീകരിച്ചാണ് കച്ചവടം പൊടിപൊടിക്കുന്നത്.

പിടിയിലായ മണികണ്ഠന് നേരത്തെ തൃശൂർ ഈസ്റ്റ്, മണ്ണുത്തി, വിയ്യൂർ, പാലക്കാട് നോർത്ത് പൊലീസ് സ്റ്റേഷനുകളിലായി കളവ് ഉൾപ്പെടെ 20 ഓളം കേസുകൾ നിലവിലുണ്ട്. രണ്ട് മാസം മുൻപാണ് വിയ്യൂർ ജയിലിൽ നിന്നും പുറത്തിറങ്ങിയത്. പ്രതികളെ നാളെ കോടതിയിൽ ഹാജരാക്കും.

ബാലഗോകുലം സമ്മേളനത്തിന് നാളെ തുടക്കം

കോഴിക്കോട്: ബാലഗോകുലം 43 ാം സംസ്ഥാന സമ്മേളനം 13,14,15 തിയതികളിൽ കോഴിക്കോട് തൊണ്ടയാട് ചിന്മയാഞ്ജലി ഓഡിറ്റോറിയത്തിൽ നടക്കും.

ബാലഗോകുലം, തപസ്യ എന്നീ സംഘടനകളുടെ സ്ഥാപകാചാര്യൻ എം.എ. കൃഷ്ണന്റെ നവതി ആഘോഷങ്ങളുടെ ഉദ്ഘാടനവും സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

1500 ഓളം പ്രതിനിധികൾ പങ്കെടുക്കും. കലാ സാംസ്കാരിക സാഹിത്യരംഗങ്ങളിലെ പ്രമുഖർ മൂന്നു ദിവസം നീളുന്ന സമ്മേളനത്തിന്റെ ഭാഗമാകും.

എസ്.എഫ്.ഐ നേതാവിനെ ബൈക്കിലെത്തിയ സംഘം വെട്ടി

വെട്ടേറ്റ ഉണ്ണി പത്തനംതിട്ട ജനറൽ ആശുപത്രിയിൽ

പത്തനംതിട്ട: ബൈക്കിൽ പോയ എസ്.എഫ്.ഐ നേതാവിനെ പിന്നിലൂടെ വന്ന സംഘം വെട്ടി. എസ്.എഫ്.ഐ പത്തനംതിട്ട ജില്ലാ കമ്മിറ്റിയംഗം ഉണ്ണിരവി(21)യെയാണ് വെട്ടിയത്. ബുധനാഴ്ച രാത്രി 8.30 ഓടെ സി.പി.എം ജില്ലാ കമ്മിറ്റി ഓഫീസിൽ നിന്ന് ബൈക്കിൽ വീട്ടിലേക്ക് പോകുമ്പോഴാണ് സംഭവം.

പത്തനംതിട്ട ടൗണിന് സമീപം താഴെവെട്ടിപ്രം റിങ്റോഡിൽ ഇടതുഭാഗത്തുകൂടെ ബൈക്കിൽ മറികടന്ന് പിന്നിൽ നിന്ന് എത്തിയ സംഘം വടിവാളു കൊണ്ട് വെട്ടുകയായിരുന്നു. ഉണ്ണിയുടെ ഇടതു കൈയ്ക്ക് വെട്ടേറ്റു. ബൈക്കിൽ നിന്ന് തെറിച്ചു വീണ് തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. ഉണ്ണിയെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വെട്ടിയത് എസ്.ഡി.പി.ഐ പ്രവർത്തകരാണെന്ന് എസ്.എഫ്.ഐ ആരോപിച്ചു.

കഴിഞ്ഞ ദിവസം റോഡരികിൽ നിന്ന ഉണ്ണിയോട് ഒരു എസ്ഡിപിഐ നേതാവിന്റെ നേതൃത്വത്തിലെത്തിയ സംഘം നീയല്ലേ ഉണ്ണിരവിയെന്നും നിന്നെ കണ്ടോളാമെന്നും പറഞ്ഞതായി ഉണ്ണി പൊലീസിന് മൊഴിനൽകി. കഴിഞ്ഞ ദിവസം അഭിമന്യുവിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ നടത്തിയ മാർച്ചിൽ ഉണ്ണി രവിയുടെ നേതൃത്വത്തിൽ കാമ്പസ് ഫ്രണ്ടുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ ഉണ്ടായതായി പറയുന്നു.

ലോട്ടറിവകുപ്പ് 100 സ്ത്രീസൗഹൃദ വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കും: മന്ത്രി

തിരുവനന്തപുരം: ലോട്ടറിവകുപ്പ് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി 100 സ്ത്രീസൗഹൃദ വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ലോട്ടറിയുടെ പരസ്യത്തിനായി നീക്കിവയ്ക്കുന്ന തുകയുടെ ഒരു ഭാഗമാവും ഇതിനായി വിനിയോഗിക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി.

ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ അംഗപരിമിതർക്കുള്ള ജില്ലാതല ട്രൈസ്കൂട്ടർ വിതരണം നിർവഹിക്കുകയായിരുന്നു മന്ത്രി. ലോട്ടറി ഏജന്റുമാരിൽ പത്താംതരം തുല്യതാ പരീക്ഷ എഴുതാൻ താത്പര്യമുള്ളവർക്ക് സൗജന്യമായി ഇതിനുള്ള സംവിധാനം ഏർപ്പെടുത്തും. 2017 സാമ്പത്തികവർഷം ലോട്ടറിയിൽ നിന്നുള്ള വരുമാനം 9185 കോടിയായിരുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ ഇത് 12,000 കോടി ആവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ക്ഷേമനിധിയി അംഗങ്ങൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്തുവരുന്നു. തിരിച്ചറിയിൽ കാർഡിന്റെ വിതരണവും പുരോഗമിക്കുകയാണ്. ലോട്ടറിമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമം ഉറപ്പുവരുത്താൻ സർക്കാർ എല്ലാ നടപടികളും സ്വീകരിക്കുമെന്നും കടകംപള്ളി വ്യക്തമാക്കി.

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിബോർഡ് ചെയർമാൻ പി.ആർ.ജയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എൽ.എ.എസ് യൂണിയൻ ജില്ലാ പ്രസിഡന്റ് കോവളം ബാബു, വിവിധ സംഘടനാ നേതാക്കളായ മുരളീധരൻ നായർ(ഐ.എൻ.ടി.യു.സി), ബിനു(എ.ഐ.ടി.യു.സി), എം.സനൽകുമാർ(ബി.എം.എസ്), പുരുഷോത്തമഭാരതി(കെ.എൽ.എ.എ), സി.ആർ.സുനു(കെ.ടി.യു.സി) തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ആർ.രാജഗോപാൽ സ്വാഗതവും ക്ഷേമനിധി ഓഫീസർ എം.രാജ് കപൂർ നന്ദിയും പറഞ്ഞു.

മോദി ഭരണത്തിൽ പശുക്കൾ മാത്രം സുരക്ഷിതർ: തരൂർ

തിരുവനന്തപുരം: മോദി ഭരണത്തിൽ പശുക്കൾ മനുഷ്യരെക്കാൾ സുരക്ഷിതരാണെന്ന് ശശി തരൂർ എം.പി. പറഞ്ഞു. ജവഹർലാൽ നെഹ്റു പ്രതിഭാ പുരസ്കാരദാന ചടങ്ങിൽ 'ഇന്ത്യൻ ജനാധിപത്യവും മതേതരത്വവും നേരിടുന്ന വെല്ലുവിളിക'ളെക്കുറിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

കൈയിലുള്ള പൊതി ഗോമാംസമാണെന്ന് സംശയിക്കപ്പെട്ടാൽ പോലും ജീവൻ അപകടത്തിലാകുന്ന സ്ഥിതിയാണ്. ഇതേ സർക്കാർ അടുത്ത തിരഞ്ഞെടുപ്പിലും ജയിച്ചാൽ ഇന്ത്യ ഹിന്ദു പാകിസ്ഥാനായി മാറും. ഇന്ത്യൻ ഭരണഘടന പരിപാവനമെന്ന് ആവർത്തിക്കുമ്പോഴും പ്രധാനമന്ത്രി മോദിയും അദ്ദേഹത്തിന്റെ പാർട്ടിയും

അതംഗീകരിക്കുന്നില്ല. എല്ലാ മതങ്ങളേയും സംരക്ഷിക്കാനുള്ള ചുമതല രാജ്യം ഒറ്റക്കെട്ടായി ഏറ്റെടുക്കണം. ഇന്ത്യയിൽ ഫാസിസമില്ലെന്ന ഇടത് നേതാക്കളുടെ നിലപാട് അപക്വമാണ്. അപ്രഖ്യാപിത അടിയന്തിരാവസ്ഥയാണ് രാജ്യത്ത്. ഭരണഘടനാനുസൃതമായ എല്ലാ സംവിധാനങ്ങളും തകർക്കുകയാണ്. രാജ്യസഭയിൽകൂടി ബി.ജെ.പിക്ക് ഭൂരിപക്ഷം കിട്ടിയാൽ ഭരണഘടനയും തിരുത്തും. അതോടെ മതേതരത്വം ഇല്ലാതാവുമെന്നും തരൂർ പറഞ്ഞു. ജനസംസ്കാര പ്രസിഡന്റ് കൊട്ടാത്തല മോഹനൻ അദ്ധ്യക്ഷത വഹിച്ചു. പ്രഥമ ജവഹർലാൽ നെഹ്റു പ്രതിഭാ പുരസ്കാരം മോഹൻ പരവൂരിന് സമ്മാനിച്ചു. കെ. അജന്തൻ നായർ സ്വാഗതം പറഞ്ഞു.

ഉയർന്ന സ്കെയിലിലേക്ക് നിയമനം ലഭിക്കുമ്പോഴുള്ള ശമ്പള നിർണയം

?

ഞാൻ 22.3.2010 ൽ ഓപ്പറേറ്ററായി കേരള വാട്ടർ അതോറിട്ടിയിൽ ജോലിയിൽ പ്രവേശിച്ചു. എനിക്ക് ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 2 ആയി വാട്ടർ അതോറിട്ടിയിൽ തന്നെ പി.എസ്.സിയിൽ നിന്നും നിയമന ഉത്തരവ് ലഭിക്കുകയും 28.4.17 ൽ ആ ഉത്തരവ് അനുസരിച്ച് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഓപ്പറേറ്റർ പോസ്റ്റിൽ നിന്നും റിലീവ് ചെയ്യുന്ന സമയത്ത് ലഭിച്ചിരുന്ന 25050 എന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ച് തരികയും ചെയ്തു.

ഞാൻ സർവീസിൽ മൂന്നരമാസത്തോളം എൽ. ഡബ്ല്യു.എ എടുത്തിരുന്നതിനാൽ എനിക്ക് ഇൻക്രിമെന്റ് ലഭിക്കുന്ന മാസം ജൂൺ ആയി പുനക്രമീകരിക്കപ്പെട്ടു. എന്നാൽ ഡ്രാഫ്ടസ്മാൻ ഗ്രേഡ് 2 ആയി 2017 ഏപ്രിലിൽ സർവീസിൽ കയറിയതിനാൽ 2017 ജൂൺമാസം ലഭിക്കേണ്ട ഇൻക്രിമെന്റ് ലഭിച്ചില്ല.

കെ.എസ്.ആർ പ്രകാരമാണ് വാട്ടർ അതോറിട്ടി പ്രവർത്തിക്കുന്നത്. ഓപ്പറേറ്റർമാരുടെ പേസ്കെയിൽ 20100-53300 ഉം ഡ്രാഫ്ട്സ്മാൻഗ്രേഡ്2ന്റെ പേസ്കെയിൽ 23100-58700 ആണ്. എനിക്ക് ഓപ്പറേറ്റർ പോസ്റ്റിൽ വർക്ക് ചെയ്തിരുന്നെങ്കിൽ 2018 ജൂണിൽ ആദ്യത്തെ ഗ്രേഡ് ലഭിക്കുമായിരുന്നു. ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 2ന്റെ പേ സ്കെയിൽ ഓപ്പറേറ്റർമാരുടെ സ്കെയിലിനെക്കാൾ കൂടുതലായതിനാൽ ഞാൻ ഏതെങ്കിലും ആനുകൂല്യത്തിന് അർഹനാണോ? ഈ ഒരു പോസ്റ്റ് മാറിയതിനാൽ എനിക്ക് അടിസ്ഥാന ശമ്പളത്തിൽതന്നെ ഏകദേശം മൂന്ന് ഇൻക്രിമെന്റിന്റെ കുറവുണ്ട്. എനിക്ക് ഇത് ലഭിക്കാൻ അർഹതയുണ്ടോ? ഒരു മറുപടി പ്രതീക്ഷിക്കുന്നു.

ലീജേഷ് വി, കൊല്ലം

ഉത്തരം : കേരള സർവീസ് റൂൾ പാർട്ട് I റൂൾ 28 എ പ്രകാരമുള്ള പേ ഫിക്സേഷന് ചോദ്യകർത്താവിന് അർഹതയുണ്ട്. ഈ വസ്തുത പ്രസ്തുത റൂളിന് ചുവടെയുള്ള ഗവ. ഡിവിഷൻ 2 ൽ വ്യക്തമാക്കിയിരിക്കുന്നു.

ഇത് പ്രകാരം ചോദ്യകർത്താവ് ഹയർ സ്കെയിയിലുള്ള തസ്തികയിൽ ജോയിൻ ചെയ്യുമ്പോൾ ലോവർ സ്കെയിലുള്ള തസ്തികയിൽ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിനോടുകൂടി ഒരു ഇന്ക്രിമെന്റ് കൂട്ടിയശേഷം വരുന്ന ശമ്പളത്തിനറെ ഹയർ സ്കെയിലിലെ അടുത്ത സ്റ്റേജിൽ ഫിക്സ് ചെയ്തു ശമ്പളനിർണയം നടത്തുകയാണ് ചെയ്യേണ്ടിയിരുന്നത്.

ലോവർസ്കെയിലെ ഇൻക്രിമെന്റ് തീയതിയിൽ ഒരു റീ-ഫിക്സേഷൻ കൂടി ലഭിക്കാനും അർഹതയുണ്ട്. അത്പ്രകാരം ആദ്യ ശമ്പളനിർണയം നടത്തുമ്പോൾ 28.4.2017 ൽ രണ്ടുവാർഷിക ഇൻക്രിമെന്റ് താങ്കൾ ലോവർസ്കെയിലിൽ വാങ്ങിയിരുന്നതിനേക്കാൾ കൂടുതലായി ലഭിക്കും. തുടർന്ന് റീഫിക്ഷസേഷൻ നടത്തുമ്പോൾ ഒരു ഇൻക്രിമെന്റ് കൂടി ലഭിക്കും. ഇപ്രകാരം 28 എ പ്രകാരം താങ്കളുടെ ശമ്പള നിർണയം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ ശമ്പളത്തിൽ ഇപ്പോൾ ഉണ്ടായ നഷ്ടം പരിഹരിക്കപ്പെടും എന്ന് മാത്രമല്ല മൂന്ന് ഇൻക്രിമെന്റ് അധികമായി ലഭിക്കുകയും ചെയ്യും.

email: facts@kaumudi.com

സംശയങ്ങളും വസ്തുതകളും

അഡ്വ : കെ. ആർ. കുറുപ്പ്
ഫോൺ : 9447120735

ശമ്പളപരിഷ്കരണത്തിന് റീ-ഓപ്ഷൻ

?

1994 അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റിൽ സർവീസിൽ പ്രവേശിച്ചു. 1999 ൽ ആറു മാസം ശൂന്യവേതന അവധിയെടുത്തിരുന്നു. 2009 ലെ പേ-റിവിഷൻ 2011 ൽ നടത്തിയപ്പോൾ ടി ശൂന്യവേതന അവധിക്കാലം കൂടി കണക്കിലെടുത്ത് സർവീസ് വെയിറ്റേജ് അനുവദിച്ചാണ് എന്റെ ശമ്പള നിർണയം നടത്തിയത്.

അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ആഡിറ്റ് നടത്തിയപ്പോൾ 2009 ലെ ശമ്പള പരിഷ്കരണത്തിൽ ഒരു വർഷം അധിക സർവീസ് തെറ്റായി കൂട്ടിചേർത്താണ് എന്റെ ശമ്പളം നിർണയിച്ചിരിക്കുന്നതെന്നും അധികമായി വാങ്ങിവരുന്ന തുക തിരിച്ചടയ്ക്കണമെന്നും ശമ്പള പുനനിർണയം നടത്തണമെന്നും അറിയിച്ചിരിക്കുകയാണ്. ടി ശമ്പള പരിഷ്കരണത്തിന്റെ ഓപ്ഷൻ ആറുമാസം മുന്നോട്ട് ആക്കിയാൽ ഒരു വലിയ തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവായികിട്ടുമെന്ന് അറിയുന്നു.

എന്നാൽ ശമ്പള പരിഷ്കരണത്തിന്റെ റീ ഓപ്ഷൻ നൽകാൻ മുൻമ്പ് സമയം അനുവദിച്ചിരുന്നതിന്റെ സമയപരിധി കഴിഞ്ഞതിനാൽ അതിന് അനുവാദം ലഭിക്കുന്നില്ല. റീ ഓപ്ഷന് ഒരു അവസരം കൂടി നൽകാൻ സർക്കാർ തലത്തിൽ നടപടികൾ നടന്നുവരുന്നതായി അറിയുന്നു. അത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് ആയിട്ടുണ്ടെങ്കിൽ അറിയിക്കണമെന്ന് അപേക്ഷ.

പി. രാജശേഖരൻ, തൃശൂർ.

ഉത്തരം : 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണയത്തിൽ മേൽ ആഡിറ്റ് തടസവാദം കൊണ്ട് ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് ഒരിക്കൽകൂടി റീ ഓപ്ഷൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. സ.ഉ. (അച്ചടി) നം. 96/2018/ തീയതി 22.6.2018 പ്രകാരം ഉത്തരവ് തീയതി മുതൽ മൂന്നുമാസമാണ് റീ ഓപ്ഷൻ നൽകാനുള്ള കാലപരിധി. യാതൊരു കാരണവശാലും റീ ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുകയില്ല എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. മാത്രമല്ല, ഇപ്രകാരം അനുവദിക്കുന്ന റീ ഓപ്ഷനു റീ ഓപ്ഷൻ സമർപ്പിക്കുന്ന തീയതി വരെ ഒരുതരത്തിലുള്ള കുടിശികയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ലെന്നും യഥാർത്ഥ ഓപ്ഷൻ തീയതി മുതൽ റീ ഓപ്ഷൻ പ്രാബല്യ തീയതിവരെ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് റീ ഓപ്ഷൻ അനുവദിക്കുന്നത് വഴി ലഭിക്കുന്ന കുടിശിക തുകയിൽ തട്ടികിഴിക്കേണ്ടതാണെന്നും ബാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയതുമുഴുവനായി പുതുക്കിയ ശമ്പളം അനുവദിക്കുന്നതിനുമുമ്പായി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നുതുടങ്ങിയ ചില നിബന്ധനകളും പ്രസ്തുത ഉത്തരവിലുണ്ട്.

ക്രീമിലെയർ വരുമാന പരിധി

? കേരളത്തിൽ മറ്റു പിന്നാക്ക വിഭാഗക്കാരുടെ വരുമാന പരിധി എത്രയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നിയമനങ്ങൾ ക്രീമിലെയർ പരിധി എട്ടുലക്ഷം രൂപയാണ്. കേരളത്തിൽ ഇപ്പോൾ എത്ര ലക്ഷം രൂപയാണ്. വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.

ആർ. കുമാരദാസ്, വൈക്കം

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 2018 ഏപ്രിൽ 9-ാം തീയതി പ്രാബല്യത്തിൽ എട്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 31.1.2014 മുതൽ ആറു ലക്ഷം രൂപയുമായിരുന്നു. വരുമാന പരിധി സ.ഉ (കൈ) നം. 3/2018/ പി. വി. വ തീയതി 9.04.2018 കേരളത്തിൽ വരുമാന പരിധി വർദ്ധിപ്പിച്ച ഉത്തരവ്. കേന്ദ്ര പേഴ്സണൽ ആന്റ് ട്രെയിനിംഗ് മന്ത്രാലയത്തിന്റെ 13.9.2017 ലെ ഓഫീസ് മെമ്മോറാണ്ടം നം. 36033/1/2013 പ്രകാരമാണ് കേന്ദ്ര സർക്കാർ വരുമാന പരിധി എട്ടു ലക്ഷമായി വർദ്ധിപ്പിച്ചത്.

അമ്മയ്ക്ക് ഫാമിലി പെൻഷൻ ലഭിക്കാനുള്ള വരുമാന പരിധി

?

എന്റെ മകൻ കെ. എസ്. ഇ. ബിയിൽ സർവീസിലിരിക്കെ അസുഖം മൂലം നിര്യാതയായി. (19.3.2016) 18 വർഷം സർവീസ് ഉണ്ട്. മകന് കുടുംബം ഇല്ലാത്തതിനാൽ എല്ലാ ആനുകൂല്യങ്ങൾക്കും അവകാശി അമ്മയാണ്. ബോർഡിൽ ആശ്രിത പെൻഷൻ ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി 30000 രൂപയായി നിജപ്പെടുത്തിയതിനാൽ ആശ്രിത പെൻഷൻ ബോർഡിൽ നിരസിച്ച് അച്ഛനായ ഞാൻ ഇൻവാലിഡ് പെൻഷൻ വാങ്ങിയ ആളാണ്.

Pension
retirer
Pensions
plans
provide
benefit
benefits
plan
employer
Social
cash
inc

എന്റെ വാർഷിക വരുമാനം 18,000 രൂപ ആകുന്നു. മകന്റെ ആശ്രിത പെൻഷൻ അമ്മയ്ക്ക് ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്. വരുമാന പരിധിയിൽ മാറ്റം കിട്ടുമോ? അമ്മയ്ക്ക് മറ്റു വരുമാനം ഒന്നും ഇല്ല.

കെ. പ്രഭാകരൻ, വിഴിഞ്ഞം

ഇലക്ട്രിസിറ്റിബോർഡിൽ പെൻഷനും ഫാമിലി പെൻഷനും മറ്റും അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത് കേരള സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ചുള്ള കേരള സർവീസ് റൂൾ പാർട്ട് III ആണ്. പ്രസ്തുത റൂൾ 90 (6) പ്രകാരം ജീവനക്കാരന് ഭാര്യയും മക്കളും ഇല്ലാത്ത സാഹചര്യത്തിൽ ജീവനക്കാരനെ ആശ്രയിച്ചു ജീവിതമാർഗം കണ്ടെത്തിയിരുന്ന മാതാക്കൾക്ക് ഫാമിലി പെൻഷന് അർഹതയുണ്ട്.

ഇപ്രകാരം മാതാപിതാക്കൾക്ക് ഫാമിലി പെൻഷൻ ലഭിക്കുന്നതിനുള്ള പ്രധാന നിബന്ധന ഇപ്പോൾ നിലവിലുള്ളത് അവരുടെ വാർഷിക വരുമാനം 30000 രൂപയിൽ കൂടുതൽ ആകരുതെന്നാണ്.

ചോദ്യകർത്താവിന്റെ ഇൻവാലിഡ് പെൻഷൻ ഇനത്തിലുള്ള വരുമാനം ഈ പരിധിക്ക് പുറത്തായതുകൊണ്ട് മരിച്ചുപോയ ജീവനക്കാരന്റെ അമ്മയ്ക്ക് കുടുംബ പെൻഷൻ ലഭിക്കാനുള്ള അർഹതയില്ല.

സാധാരണ ഗതിയിൽ നിലവിലുള്ള നിബന്ധനകൾ ഇളവു വരുത്തി ചോദ്യകർത്താവിന്റെ ഭാര്യയ്ക്ക് കുടുംബ പെൻഷൻ (ആശ്രിത പെൻഷൻ) ലഭിക്കാൻ സാദ്ധ്യത കാണുന്നില്ല.

സംശയങ്ങൾ അയയ്ക്കേണ്ട വിലാസം

ദി എഡിറ്റർ, സംശയങ്ങളും വസ്തുതകളും
കേരളകൗമുദി
പേട്ട പി.ഒ, തിരുവനന്തപുരം
പിൻ: 695024